പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2469 | 19.03.2015-ൽ മറുപടിക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് പറയാമോ ; | (എ) | പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ്. |
| (ബി) | കാഞ്ഞങ്ങാട് ആസ്ഥാനമായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ഡബ്ല്യൂ & സി ആശുപത്രി സ്ഥാപിക്കുന്നതിന് 16.11.2013-ലെ ജി.ഒ.(ആർ.റ്റി) നം.3822/2013/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 4210-01-110-66-പ്ലാൻ എന്ന ശീർഷകത്തിൽ 360 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 18.02.2014-ലെ ജി.ഒ.(ആർ.റ്റി) നം.2811/2014/ആ.കു.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം 4210-01-110-62 എന്ന ശീർഷകത്തിൽ 381 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കാഞ്ഞങ്ങാട് പുതിയകോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഡബ്ല്യൂ & സി ആശുപത്രി തുടങ്ങുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുകയും ആയത് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് വേണ്ടി കാഞ്ഞങ്ങാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന് (ബിൽഡിംഗ് ഡിവിഷൻ) 31.01.2015 -ൽ നൽകിയിട്ടുണ്ട്. തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആശുപത്രി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ ? | (സി) | കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി ആശുപത്രി നിർമ്മാണത്തിനുള്ള പ്ലാനും, എസ്റ്റിമേറ്റും സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ